പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2804

12.10.2011-ൽ മറുപടിയ്ക്ക്

## ഗ്രാമീണ തൊഴിലുറപ്പു പദ്ധതി സുതാര്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ഹൈബി ഈഡൻ<br>,, എ. റ്റി. ജോർജ് | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടത്തിപ്പ് സുതാര്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുതാര്യമായ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി. എങ്കിൽ ഇതിനു വേണ്ടി നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം; | ബി. പദ്ധതി സംബന്ധിച്ച ശക്തമായ പ്രചരണം നൽകുക, മലയാളത്തിൽ എസ്റ്റിമേറ്റും പ്രവൃത്തി വിവരങ്ങളും പ്രദർശിപ്പിക്കുക, വിവരാവകാശ നിയമ പ്രകാരം തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച എല്ലാ രേഖകളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക, പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുക, തൊഴിൽ സ്ഥലത്തു ബോർഡുകൾ സ്ഥാപിക്കുക, പ്രവൃത്തികളുടെ തുടക്കത്തിൽ പ്രോജക്റ്റ് ഇനിഷിയേഷൻ മീറ്റിംഗുകൾ സംഘടിപ്പിക്കുക, എല്ലാ രേഖകളും ജനകീയ പരിശോധനയ്ക്ക അവസരം നൽകുക, വരവ്-ചെലവ് കണക്ക് പൊതുസ്ഥലത്ത് പ്രദർശിപ്പിക്കുക, ജാഗ്രത മേൽനോട്ട കമ്മിറ്റികൾ രൂപീകരിക്കുക, സമയബന്ധിതമായി സാമൂഹ്യ ഓഡിറ്റ് നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| സി. തൊഴിലുറപ്പു പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : ; വിശദാംശങ്ങൾ എന്തെല്ലാം; | സി. വിവരം ശേഖരിച്ചു വരുന്നു. |
| ഡി. അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ? | ഡി. അനാസ്ഥ കാണിച്ചതായി ശ്രദ്ധയിൽപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.